അവർക്ക് കൈവശരേഖ കൊടുക്കുന്ന ലിസ്റ്റിൽ കൂടി ഉൾപ്പെടുത്തിയിട്ടില്ല. കോടതിയിൽ കേസുണ്ട് എന്നാണ് പറയുന്നത്. ഇന്ന് ആ കേസുകളെല്ലാം തീർന്നുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായും അവർക്ക് കൈവശരേഖയോ പട്ടയമോ ഏതെങ്കിലുമൊരു രേഖയോ നൽകുന്നതിനാവശ്യമായ നടപടിയെടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നു.

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, ഇവിടെ പറഞ്ഞ പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക്, വാസ്തവത്തിൽ ദീർഘകാലമായി കൈവശമിരിക്കുന്നതുകൊണ്ടും അവരെ സാധാരണരീതിയിലുള്ള കൈവശക്കാരായി കണക്കാക്കാൻ നിവൃത്തിയില്ലാത്തവിധത്തിലുള്ളവരായതുകൊണ്ടും അവർക്ക് പട്ടയം കൊടുക്കേണ്ടതുണ്ട്. എന്നാൽ എന്തുകൊണ്ടാണെന്നറിയില്ല ഇവരെ വനഭൂമിയിൽ താമസിക്കുന്നവരായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. അതുകൊണ്ട് അവരുടെ കാര്യവും കേന്ദ്ര ഗവൺമെൻറുമായിട്ട് ഡിസ്കസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അവർക്കും കൈവശാവകാശരേഖ കൊടുക്കുന്നതാണ്.

(14) ഗുരുദേവ പ്രതിമ തകർത്തതു സംബന്ധിച്ച്

ശ്രീ. സി. എഫ്. തോമസ്: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വടക്കേക്കരയിൽ 3207-ാം നമ്പർ എസ്. എൻ. ഡി. പി. ശാഖായോഗം മന്ദിരത്തിൽ സ്ഥാപിച്ചിരുന്ന ശ്രീനാരായണഗുരുദേവന്റെ പ്രതിമ തകർത്ത കുറ്റവാളികളെ അറസ്റ്റ് ചെയ്യണമെന്ന് നാലു മാസത്തിനുമുൻപ് ഞാനാവശ്യപ്പെട്ടതാണ്. ഉടൻ അറസ്റ്റ് ചെയ്യുമെന്ന് അന്ന് പറഞ്ഞു. മാസം നാലു കഴിഞ്ഞു. സംസ്ഥാന വ്യാപകമായി എല്ലാ സാമുദായിക സംഘടനകളും സാംസ്ക്കാരിക സംഘടനകളും പ്രതിഷേധ ജാഥകളും യോഗങ്ങളുമൊക്കെ നടത്തി. ഇതുവരെ പ്രതികളെ പിടിച്ചില്ല എന്നു മാത്രമല്ല അവിടെ നാട്ടിൽ മുഴുവൻ സംസാരം പ്രതികളെ പിടിക്കുന്ന ഘട്ടം വന്നപ്പോൾ അന്വേഷണ ഉദ്യോഗസ്ഥൻമാരെ മാറിയിരിക്കുന്നു. പ്രതികളെ പിടിച്ചാൽ ഈ ഗവൺമെൻറിന് ക്ഷീണമുണ്ടാകുമെന്ന് മനസ്സിലാക്കിയിരിക്കുന്നു. ഈ ഗവൺമെൻറ് ഇടപെട്ടുകൊണ്ട് പ്രതികളെ പിടിക്കുന്നില്ലയെന്ന ഒരു സാഹചര്യമുണ്ടായിരിക്കുന്നു. എന്തുകൊണ്ടാണ് നിയമസഭയിൽ വീണ്ടും ഈ സബ്മീഷൻ ഉന്നയിക്കുന്നത്. അന്വേഷണ ഉദ്യോഗസ്ഥൻമാരെ മാറി പുതിയ ആളുകളെ കൊണ്ടുവരാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കണം. സംസ്ഥാനവ്യാപകമായിട്ടുള്ള പ്രതിഷേധം കണക്കിലെടുത്തുകൊണ്ട് ഗവൺമെൻറ് ശക്തമായ നടപടികൾ സ്വീകരിച്ച് കുറ്റവാളികളെ അറസ്റ്റ് ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ സർ, ഇത് അസംബ്ലിയിൽ രണ്ടോ മൂന്നോ പ്രാവശ്യം വന്നതാണ്.

ചങ്ങനാശ്ശേരിയിൽ വടക്കേക്കര ഭാഗത്തുള്ള എസ്. എൻ. ഡി. പി. ശാഖായോഗം മന്ദിരത്തിൽ സ്ഥാപിച്ചിരുന്ന ശ്രീനാരായണഗുരുദേവന്റെ പ്രതിമ ഡിസംബർ 2-ാം തീയതി ആരോ നശിപ്പിച്ചതായി പറയുകയുണ്ടായി. ചങ്ങനാശ്ശേരി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു. ശ്രീനാരായണ സംസ്ഥാന സമിതിയുടെ അഡ്വൈസറി ബോർഡ് ഈ സംഭവത്തിനു ഊർജ്ജിതമായ അന്വേഷണം

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തണമെന്നു ആവശ്യപ്പെട്തിനെത്തുടർന്നു ക്രൈംബ്രാഞ്ചു ഇതിനെപ്പററി അനേഷിക്കുകയുണ്ടായി. 15–ാം തീയതി ജില്ലാ കളക്ടർ നിർദ്ദേശം നൽകി. കൂടാതെ കേസു ക്രൈംബ്രാഞ്ചിനു വിട്ടുകൊടുക്കുകയും ചെയ്തു. കൊല്ലം ക്രൈം ബ്രാഞ്ചു പോലീസു സൂപ്രണ്ടു ബാലന്റെ നേതൃത്വത്തിൽ ഡി. വൈ. എസ്. പി. ഹരിദാസു നയിക്കുന്ന സ്പെഷ്യൽ സെൽ ആണു കേസു ഇപ്പോഴും അനേഷിക്കുന്നതു. രണ്ടാഴ്ച മുൻപു ക്രൈം ബ്രാഞ്ചു ഡി. ഐ. ജി. സ്ഥലത്തുപോയി ഫലപ്രദമായ അനേഷണത്തിനാവശ്യമായ നിർദ്ദേശം കൊടുക്കുകയുണ്ടായിട്ടുണ്ടു.

(15) മണ്ണാർക്കാടു നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ പണി

ശ്രീ. കല്ലടി മുഹമ്മദു: സർ, എന്റെ നിയോജകമണ്ഡലമായ മണ്ണാർക്കാടു നിയോജകമണ്ഡലത്തിൽ രണ്ടു എം. എൽ. എ. റോഡുകളുണ്ടു. ആ രണ്ടു റോഡുകളുടേയും പണി നടത്തിയിട്ടില്ല. ഇതിന്റെ തൊട്ടു കിടക്കുന്ന മണ്ഡലത്തിലെ റോഡിന്റെ ഒരു ഭാഗം മാത്രമേ തുടങ്ങിയിട്ടുള്ളു. ഒന്നു, ടിപ്പുസുൽത്താൻ റോഡാണു. നെല്ലിപ്പുഴക്കടവു ഉൾപ്പെടെയുള്ള ക്രോസ്വേയുടെ പണി നടന്നിട്ടില്ല. അതുപോലെതന്നെ കല്യാണകുപ്പു റോഡും. മണ്ണാർക്കാടു നിയോജകമണ്ഡലത്തിലെ ഈ രണ്ടു എം. എൽ. എ. റോഡുകളുടേയും പണി നടത്തിയിട്ടില്ല. അടിയന്തിരമായി അതിന്റെ പണി നടത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, ഈ രണ്ടു എം. എൽ. എ. റോഡുകളിൽ ഒന്നാണു വട്ടംപലം—കോട്ടപ്പുറം—തളപ്പാടം റോഡു. അതിന്റെ ഒന്നാം ഘട്ടം പിന്നെയെടുത്താൽ മതി. രണ്ടാം ഘട്ടം ആദ്യം തുടങ്ങണമെന്നുള്ള ആവശ്യം പരിഗണിച്ചു രണ്ടാം ഘട്ടത്തിന്റെ പണി തീരാറായി. ആ രണ്ടാം ഘട്ടം തീരുന്ന മുറയ്ക്കു 1–ാം ഘട്ടവും പണി ആരംഭിക്കുന്നതാണു. അതുപോലെ രണ്ടാമത്തെ റോഡാണു കോങ്ങാടു—മണ്ണാർക്കാടു—ടിപ്പുസുൽത്താൻ റോഡു. അതു മഹാനായ ടിപ്പുസുൽത്താൻ അന്നുണ്ടാക്കിയ റോഡു ഒന്നായിട്ടു എം. എൽ. എ. റോഡായി വന്നിട്ടുള്ളതാണു. 19 കിലോമീറ്റർ നീളമുണ്ടു. അതിൽ പ്രധാനപ്പെട്ട നാലു പാലങ്ങളുണ്ടു. ആ പാലങ്ങൾക്കു വേണ്ടി മാത്രം 196 ലക്ഷം രൂപ 1982–ലെ റേറനുസരിച്ചു വേണ്ടി വരും. അതുകൊണ്ടു റോഡു നിർമ്മാണം ഘട്ടം ഘട്ടമായിട്ടു ഗവൺമെന്റു ആരംഭിച്ചിട്ടുണ്ടു. 1–ാം ഘട്ടം പൂർത്തിയായി വരുന്നുണ്ടു. ഈ പാലങ്ങൾ നിർമ്മിക്കാൻ സെൻട്രൽ റോഡു ഫണ്ടിന്റെ സഹായം അഭ്യർത്ഥിക്കുകയാണു. ആ സഹായം കിട്ടിയതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതിനെക്കുറിച്ചു പരിഗണിക്കും.

(16) കുരുമുളകു കൃഷിക്കാർക്കു സഹായം നൽകണമെന്ന ആവശ്യം

ശ്രീ. മാത്യു സ്റ്റീഫൻ: ഇടുക്കി ജില്ലയിലെ കുരുമുളകു കൃഷിക്കാർ ഇന്നു വളരെ ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണു. ദ്രുതവാട്ടം എന്നു പറഞ്ഞ ഒരു രോഗം പിടിപെട്ടു ആ പ്രദേശത്തെ മുഴുവൻ കുരുമുളകു കൃഷിയും നശിച്ചുപോയി. ആ കൃഷിക്കാർക്കു രണ്ടു വർഷം

LIBRARY ARCHIVES Kerala Legislative Assembly